കേന്ദ്രഗവണ്മെൻറിൽനിന്നും വായ്പ

*൩൪൯. (൧ ൪) ശ്രീമതി ദേവകി ഗോപിദാസ്:‡ താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കയർവ്യവസായത്തിൻറെ അഭിവൃദ്ധിക്കുവേണ്ടി കേന്ദ്രഗവണ്മെൻറിൽനിന്നും തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ് എന്തെങ്കിലും സാഹ്യ വായ്പയായോ ഗ്രാൻറായോ അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വ്യവസ്ഥയിലാണ് അപേക്ഷിച്ചിരിക്കുന്നത്; എന്നപേക്ഷിച്ചു; അപേക്ഷ എന്തായി;

(ബി) വേറെ വല്ല ഡിപ്പാർട്ടുമെൻറിൻറെയും ആവശ്യത്തിനു കേന്ദ്രഗവണ്മെൻറിൽനിന്നും ഗ്രാൻറിനു് അപേക്ഷിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം ഡിപ്പാർട്ടുമെൻറിൽനിന്നും അപേക്ഷിച്ചിരുന്നെന്നും ഏതെല്ലാം ഡിപ്പാർട്ടുമെൻറുകൾക്ക് വായ്പ കിട്ടിയെന്നും എന്ത് വ്യവസ്ഥയിലാണ് എന്നും പറയുമോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ട്. പഞ്ചവത്സരപദ്ധതി അടിസ്ഥാനത്തിൽ ചിലവു വരുന്ന തുകയുടെ ൫൦ ശതമാനം ഗ്രാൻറായി അനുവദിക്കണമെന്നുള്ളതാണ് വ്യവസ്ഥ. ൧— ൧—൫൰൫൬ൽ അപേക്ഷിച്ചു. ആ അപേക്ഷ കേന്ദ്രഗവണ്മെൻറിൻറെ പരിഗണയിൽ ഇരിക്കുകയാണ്.

(ബി) ഉണ്ട്.

(സി) വ്യവസായം, പൊതുമരാമത്തും ധനകാര്യവും വിദ്യാഭ്യാസം, എന്നീ ഡിപ്പാർട്ടുമെൻറുകളിൽനിന്നും അപേക്ഷിച്ചിട്ടുണ്ട്.

അനുവദിച്ച ഗ്രാൻറുകൾ

(൧) കൈത്തറി വ്യവസായം. ൫൰, ൫൦ ൦ രൂപ.

(൨) വാഴാനി ജലസേചനപദ്ധതി. ൩, ൧൫, ൦ ൦ ൦ രൂപ.

(൩) പോളിടെക്നിക്ക് ദ്വിവത്സരപദ്ധതി അഞ്ചാം (൫.൫) ലക്ഷം രൂപ.

(൪) പോളിടെക്നിക്ക് പഞ്ചവത്സരപദ്ധതി. ൫൰ ലക്ഷം രൂപ.

(൫) വയോജന വിദ്യാഭ്യാസ ദ്വിവത്സരപദ്ധതി. ൦൫ (അരലക്ഷം രൂപ).

(൬) വയോജന വിദ്യാഭ്യാസ പഞ്ചവത്സരപദ്ധതി. ൧ ലക്ഷം രൂപ.

അനുവദിച്ച വായ്പകൾ

(൧) പീച്ചി ജലസേചനപദ്ധതിക്കും പെരിങ്ങൽക്കുത്ത് ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതിക്കും കൂടി ൨ കോടി രൂപ.

വായ്പയുടെ കാലാവധി ൨൦ വർഷവും പലിശ ൩½ ശതമാനവും ആണ്. ആദ്യത്തെ പത്തുകൊല്ലത്തേക്ക് ആണ്ടിൽ രണ്ടുതവണവീതം പലിശ അടയ്ക്കണം. പിന്നീട്, ആണ്ടിൽ മൂന്നുതവണവീതം പത്തുകൊല്ലംകൊണ്ട് പത്തു തവണകളായി മുതലും പലിശയും ഉൾപ്പെടെയുള്ള കടം അടച്ചു തീർക്കണം. ഇതാണ് വ്യവസ്ഥ.

---

‡As the member was absent, this question was put by Sri. A. P. Udayabhanu, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

(ഫ) പെരുഞ്ചാണി ജലസേചന പദ്ധതിക്കും കൃഷിവ്യാപ്തിക്കും കൂടി ഫണ്ട് ലക്ഷം രൂപ.

ആദ്യത്തെ രണ്ടുകൊല്ലങ്ങളിൽ നൂറു ശതമാനം നിരക്കിലുള്ള പലിശ ഒടുക്കണം. പിന്നീട് മുതലും പലിശയും ഉൾപ്പെടെയുള്ള തുക ആണ്ടിൽ ഒരു തവണ വീതം ഏഴു തുല്യതവണകളിലായി അടച്ചു തീർക്കണമെന്നും വ്യവസ്ഥയുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: കയർ വ്യവസായത്തിന്റെ അഭിവൃദ്ധിക്കു വേണ്ടിയുള്ള പദ്ധതിക്ക് എന്തു തുകയാണ് ആവശ്യമുള്ളതെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിന്റെ ശരിയായ കണക്കു പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

Sri. A. P. Udayabhanu: Is it possible to give us a specific idea of the way in which the money is sought to be utilised?

ശ്രീ. കെ. എം. കോര: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഭക്ഷ്യക്ഷാമം

*നമ്പർ. (ചോദ്യം) ശ്രീമതി ദേവകി ഗോപിദാസ്‡: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫൻ ൪൦-ൽ ആഹാരത്തിന്റെ കുറവുകൊണ്ട്—നിരാശയാൽ തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ആരെങ്കിലും ആത്മഹത്യ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ;

(ബി) ഫൻ ൪൧-ൽ ഭക്ഷ്യക്ഷാമം മൂലം ജീവിക്കുവാൻ നിവൃത്തിയില്ലാതെ നിരാശയിൽ ആരെങ്കിലും ആത്മഹത്യ ചെയ്തിട്ടുണ്ടോ;

(സി) ഫൻ൪൦-ൽ ക്ഷ്യക്ഷാമംമൂലം ജനങ്ങളുടെയിടയിൽ തിരുവിതാംകൂർ–കൊച്ചിയിൽ സുഖക്കേടുകൾ വർദ്ധിച്ചിട്ടുണ്ടോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഫൻ ൪൦-ൽ ആഹാരത്തിന്റെ കുറവുകൊണ്ട് നിരാശയാൽ ഈ സ്റ്റേറ്റിൽ യാതൊരുത്തരും ആത്മഹത്യ ചെയ്തിട്ടില്ല.

(ബി) അങ്ങിനെ ഒരുത്തരും ആത്മഹത്യ ചെയ്തതായി അറിവില്ല.

(സി) ഇല്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ഭക്ഷണധാന്യങ്ങൾ കൂടുതലായിട്ട് സെൻട്രൽ ഗവൺമെന്റ് അനുവദിക്കുന്നില്ലെങ്കിൽ ഇവിടെയുള്ള മന്ത്രിമാർ ആത്മഹത്യ ചെയ്യുമെന്നു ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാമോ?

Mr. Speaker: That question is disallowed.

ശ്രീ. താസ്സർ ഡിസിൽവ: മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ഫൻ൪൧-ൽ ആത്മഹത്യ കൂടുതലാണെന്നറിയാമോ?

ശ്രീ. കെ. എം. കോര: അറിയാൻ പാടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചേർത്തല ഒരു പള്ളിക്കൂടത്തിൽ ഒരു കുട്ടി ആഹാരം കിട്ടാത്തതുകൊണ്ട് മോഹാലസ്യപ്പെട്ടു വീണുപോയതായിട്ടറിയാമോ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ.

‡As the member was absent, this question was put by Sahib Bahadur T. A. Moideenkunju with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly